ജലവിതരണപദ്ധതി.

202. [18] ശ്രീ. പി. ആർ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

ഇല്ലിക്കൽ ടൗൺ ജലവിതരണപദ്ധതി നടപ്പിലാക്കുന്നതോടുകൂടി പട്ടണത്തിന്റെ ചുറ്റുമുള്ള വില്ലേജുകളിൽ ജലക്ഷാമമുള്ള സ്ഥലങ്ങളിലേക്കുകൂടി വെള്ളം കൊടുക്കുവാൻ സൗകര്യപ്പെടുത്തുമോ?

ഉത്തരം.

ടൗണിലെ ജലവിതരണപദ്ധതി നടപ്പിലാക്കിയ ശേഷം ഈ കാര്യം ആലോചിക്കുന്നതാണ്.

Kazhiakkavila Aunducode Trace.

203. [20] **Shri M. William:** Will the Minister for Works be pleased to state:

(a) whether Government intend opening the Kazhiakkavila Aunducode trace;

(b) whether a section of the public have presented a petition for that purpose; and

(c) whether any steps have been taken on that?

Answer.

(a) Yes.

(b) Yes.

(c) Steps are being taken and the works will be executed in the order of priority.

Ware-house.

204. [24] **Shri V. V. Sebastian:** Will the Minister for Health be pleased to state:

(a) whether the warehouse attached to the Excise Office at Ettumannoor is now lying vacant; and

(b) whether the above building could not be utilised to house some public office which may advantageously be shifted there?

Answer.

(a) Yes.

(b) Steps are being taken to shift the P. W. D. Section Office at Ettumannoor to the Warehouse building.

കോട്ടകാവ് ഏലാ വികസനം.

205. [26] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടകാവൽ ഏലാ വികസനം സംബന്ധിച്ച് സർവ്വെയർ എന്തു നടപടി നടത്തി; ഈ ആവശ്യം പ്രമാണിച്ച് 1955 ജനുവരിമാസത്തിൽ പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ മുമ്പിൽ സമർപ്പിച്ചിരുന്ന നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ ഈ ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്താൻ ഉദ്ദേശിക്കുന്നു?

ഉത്തരം.

ഈ ജോലി സംബന്ധിച്ചുള്ള ഇൻവെസ്റ്റിഗേഷൻ നടത്താൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

1955 ജനുവരിയിൽ കോട്ടുകാൽ കർഷകസംഘം സമർപ്പിച്ച മെമ്മോറാണ്ടം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു. മെമ്മോറാണ്ടത്തിലെ താൽപ്പര്യമനുസരിച്ച് ഈ പദ്ധതിയെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻനടത്തി അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഓമല്ലൂർ–പരിയാരം റോഡിന്റെ പണി.

206. [27] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ ഓമല്ലൂർ പരിയാരം റോഡിന്റെ പണി ഏതു നിലയിലിരിക്കുന്നു;

(ബി) പ്രസ്തുത റോഡിന്റെപണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) തീരാറായിട്ടുണ്ട്.

(ബി) രണ്ടു മാസത്തിനകം പൂർത്തിയാകും.

ആറൻമുള–പരിയാരം റോഡിന്റെ പണി.

207. [28] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ ആറൻമുള, പരിയാരം റോഡിന്റെ പണി ഏതുനിലയിലിരിക്കുന്നു;

(ബി) ടി റോഡിന്റെ പണി എന്നു പൂർത്തിയാകും?

ഉത്തരം.

(എ) മൺവേലയും പാലം, കലുങ്ക് മുതലായവയുടെ പണിയും തീരാറായിട്ടുണ്ട്;

(ബി) അടുത്തകൊല്ലം പൂർത്തിയാക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മരച്ചീനികൃഷി.

208. [29] ശ്രീ. പി. ജെ. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ചങ്ങനാശ്ശേരി താലൂക്കുകളിൽ ആകെ എത്ര ഏക്കർ സ്ഥലത്ത് മരച്ചീനി (കപ്പ) കൃഷിചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly